MONDAY 01.01.2024 തിങ്കളാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## Farm Information Bureau

### Agriculture Development and Farmer's Welfare Department
### GOVERNMENT OF KERALA

Chief Editor : ASA S KUMAR  Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/01/2024

1. കേരള കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും ചേർന്നൊരുക്കുന്ന "പൂപ്പൊലി 2024" ഇന്ന് (2024 ജനുവരി 1 ന്) വയനാട് ജില്ലയിൽ തുടക്കം കുറിക്കുന്നു. വൈവിധ്യമാർന്ന അലങ്കാരവർണ്ണ പുഷ്പങ്ങളുടെ പ്രദർശനമാണ് ഈ മേളയുടെ പ്രധാന ആകർഷണം. ഇതോടൊപ്പം തന്നെ കാർഷിക മേഖലയുടെ പ്രാധാന്യം വിളിച്ചോതുന്നതും, നൂതന സാങ്കേതിക വിദ്യകളിലൂടെ വികസിപ്പിച്ചെടുത്ത വിത്തുകളുടെയും സസ്യങ്ങളുടെയും പ്രദർശനവും, വിപണനവും ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നു. കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, അവയുടെ പരിഹാര മാർഗ്ഗങ്ങൾ, കാർഷിക മേഖലയിലെ പുത്തൻ സാങ്കേതിക വിദ്യകൾ എന്നിവയെക്കുറിച്ച് വിദഗ്ധരുടെ നേതൃത്വത്തിലുള്ള സെമിനാറുകളും കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്. വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെയും കർഷകർ, മറ്റ് വിശിഷ്ട വ്യക്തികൾ എന്നിവരുടേതുമടക്കം നിരവധി സ്റ്റാളുകളും സന്ദർശകർക്കായി ഒരുക്കുന്നു. എല്ലാ സായാഹ്നങ്ങളിലും കലാവിരുന്നുകളും പുഷ്പമേളയുടെ ഭാഗമായി നടത്തപ്പെടും.

2. ഇടുക്കി, വയനാട് ജില്ലകളിലെ ഏലം കർഷകർക്ക് കാർഡമം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചു. കാർഡമം രജിസ്ട്രേഷൻ ആവശ്യമുള്ളവർ നിശ്ചിതഫാമിൽ അപേക്ഷയും, ആധാർ, കരം അടച്ച രസീത്, ആധാരം എന്നിവയുടെ കോപ്പിയുമായി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 13 പശുക്കളെ 2024 ജനുവരി 9 നു രാവിലെ 11 മണിക്ക് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുൻപായി പശുക്കൾക്ക് 1500 രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് **04712732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ പെൻഷൻ ലഭിക്കാൻ അർഹത ഉള്ളവർക്ക് 2024 ജനുവരി 1 മുതൽ മാർച്ച് 31 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ക്ഷീരവികസന യൂണിറ്റുമായോ, ജില്ലാ ഗുണനിയന്ത്രണ ഓഫീസറുടെ കാര്യാലയമായോ ബന്ധപ്പെടുക.

5. ക്ഷീരവികസന വകുപ്പിന്റെ എം എസ് ഡി പി പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ 'ഹീഫർ യൂണിറ്റ്' നടപ്പിലാക്കുന്നതിന് അപേക്ഷിക്കാം. വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റ് ഓഫീസുമായോ **0474 2748098** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക. അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ 30.

## പരിശീലന പരിപാടി

6. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന ബോർഡിന്റെ രണ്ട് ബാച്ചുകളുടെ തെങ്ങുകയറ്റ പരിശീലനം കാർഷിക വികസന കർഷക ക്ഷേ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്ന റിസർച്ച് ടെസ്റ്റിംഗ് & ട്രെയ്നിംഗ് സെന്ററിൽ വച്ച് **2024 ജനുവരി 29 മുതൽ ഫെബ്രുവരി 3 വരെയും ഫെബ്രുവരി 12 മുതൽ 17 വരെയും** തീയതികളിൽ നടത്തപ്പെടുന്നു. തിരുവനന്തപുരം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്നുള്ളവർക്ക് പരിശീലനത്തിന് പങ്കെടുക്കാം. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2024 ജനുവരി 9-ന് തിരുവനന്തപുരം, വെള്ളായണി, ആർ.ടി.ടി സെന്റിൽ രാവിലെ 10 മണിക്കും വൈകിട്ട് 5-നും ഇടയ്ക്ക് നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2481763, 9383470314** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവ്വകലാശാല ഇപഠന കേന്ദ്രം "ലാൻഡ്സ്കേപ്പിംഗ്" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ജനുവരി മാസം 11 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ ജനുവരി 10 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 22 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി www.celkau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം